# മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ നടത്തപ്പെടുന്ന ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള കേന്ദ്രീകൃത പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ഫോമിൽ ട്രാൻസ്ജെൻഡർ വിഭാഗത്തെയും ഉൾപ്പെടുത്തുന്നതിനും, ട്രാൻസ്ജെൻഡർ വിഭാഗത്തിനു ലിംഗ ഭേദമെന്യേ എല്ലാ കോളേജുകളിലും പ്രവേശനം നൽകുന്നതിനും അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

അക്കാദമിക് എ1 വിഭാഗം

നം 3835/എ1/2/2018/അക്കാദമിക് തീയതി, പ്രിയദർശിനി ഹിൽസ്, 05.05.2018

---

പരാമർശം : 1. യു.ജി.സി. ചെയർമാന്റെ 13.03.2015 തീയതിയിലെ കത്ത് നം.F.No.1-12/2006(SCT).
2. യു.ജി.സി. ചെയർമാന്റെ 05.04.2016 തീയതിയിലെ കത്ത് നം.F.91-7/2016(GS).
3. സർക്കാർ ഉത്തരവ് G.O.(Ms) No.61/2015/SJD തീയതി 22.09.2015.
4. കുറിപ്പ് നം.രജി/കേ പ്ര/07/2018 തീയതി 04.05.2018.

**ഉത്തരവ്**

ഭാരത സർക്കാർ മിനിസ്ട്രി ഓഫ് വിമെൻ ആന്റ് ചൈൽഡ് ഡെവലപ്മെന്റിന്റെ പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 'ട്രാൻസ്ജെൻഡർ' വിഭാഗത്തിൽപ്പെട്ടവരെ മൂന്നാമതൊരു വിഭാഗമായി (ജെൻഡർ) പ്രവേശനത്തിനും മറ്റു വിദ്യാഭ്യാസ ആവശ്യങ്ങൾക്കുമായി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (1), (2) പ്രകാരം, യു.ജി.സി. ചെയർമാൻ വൈസ് ചാൻസിലർമാരോട് അഭ്യർത്ഥിച്ചിരുന്നു. സംസ്ഥാന സർക്കാരിന്റെ ട്രാൻസ്ജെൻഡർ നയം പരാമർശം (3) പ്രകാരം, അംഗീകരിച്ചിട്ടുണ്ട്.

ടി വിഷയം സർവ്വകലാശാല പരിഗണിച്ച്, സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ നടത്തപ്പെടുന്ന ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള കേന്ദ്രീകൃത പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ഫോമിൽ, പുരുഷ/സ്ത്രീ വിഭാഗങ്ങൾക്കൊപ്പം ട്രാൻസ്ജെൻഡർ വിഭാഗത്തെയും ഉൾപ്പെടുത്തുന്നതിനും, ട്രാൻസ്ജെൻഡർ വിഭാഗത്തിനു ലിംഗ ഭേദമെന്യേ എല്ലാ കോളേജുകളിലും പ്രവേശനം നൽകുന്നതിനും അനുമതി നൽകിക്കൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10(17) പ്രകാരം നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച്, വൈസ് ചാൻസിലറുടെ ചുമതലയുള്ള പ്രോ-വൈസ് ചാൻസിലർ പരാമർശം (4) പ്രകാരം, ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
സുകുമാരൻ റ്റി.ബി.
അസിസ്റ്റന്റ് രജിസ്ട്രാർ (അക്കാദമിക് 1)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. എല്ലാ അഫിലിയേറ്റഡ് കോളേജുകൾക്കും
2. ഗവ. സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്/സാമൂഹ്യ ക്ഷേമ വകുപ്പ്, തിരുവനന്തപുരം
3. വൈസ് ചാൻസിലർ/പ്രോ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/കൺട്രോളർ ഓഫ് എക്സാമിനേഷൻസ് എന്നിവരുടെ പി.എ.മാർ
5. ജെ.ആർ/ഡി.ആർ/എ.ആർ (അക്കാദമിക്/ഫിനാൻസ്/പരീക്ഷാ വിഭാഗം)
6. കൺടെന്റ് മാനേജ്മെന്റ് സെക്ഷൻ/ഐ.ക്യു.എ.സി./എസി.സി.1
7. പി.ആർ.ഒ./എൻക്വയറി/ഇൻഫർമേഷൻ സെന്ററുകൾ/എസി.ബി7
8. കരുതൽ ഫയൽ/ഫയൽ കോപ്പി/റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

Suku Bala

സെക്ഷൻ ഓഫീസർ

**ഫയൽ നം.എസി.എ1/2/197/2015**